**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 30.06.2023**

## "സർക്കാർ പണം വ്യാജരേഖയുണ്ടാക്കി തട്ടിയെടുത്ത കേസിൽ മുൻ ICDS സൂപ്പർവൈസറെ 3 വർഷം തടവിനും 10,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു"

ഇടുക്കി ജില്ലയിൽ സംയോജിത ശിശു വികസന പദ്ധതി (ICDS) സൂപ്പർവൈസർ ആയിരുന്ന സുധർമ്മ അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി സർക്കാർഅനുവദിച്ച ഫണ്ട് വ്യാജ രേഖയുണ്ടാക്കി തട്ടിയെടുത്ത കേസിൽ കുറ്റക്കാരിയാണെന്ന് കണ്ടെത്തി ബഹുമാനപ്പെട്ട മൂവാറ്റുപുഴ വിജിലൻസ് കോടതി 3 വർഷം തടവിനും 10,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

ഇടുക്കി ജില്ലയിൽ 2000-2001കാലഘട്ടത്തിൽ ICDS സൂപ്പർവൈസർ ആയിരുന്ന സുധർമ്മ 15/09/2000 മുതൽ 28/03/2001 വരെയുള്ള കാലയളവിൽ ഇടുക്കി ജില്ലയിലെ വാത്തിക്കുഴി, കഞ്ഞിക്കുഴി പഞ്ചായത്തുകൾക്ക് കീഴിലുള്ള അങ്കണവാടിയിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി സർക്കാർഅനുവദിച്ച തുക 74,149 രൂപ വ്യാജ രേഖ ചമച്ച് തട്ടിയെടുത്തതിലേക്കു ഇടുക്കി വിജിലൻസ് മുൻ DYSP ആയിരുന്ന ശ്രീ K. V ജോസഫ് രജിസ്റ്റർ ചെയ്ത കേസ് ഇൻസ്പെക്ടർമാർ ആയിരുന്ന ശ്രീ ഷാജുപോൾ, ശ്രീ K.P വിശ്വനാഥൻ എന്നിവർ അന്വേഷണം നടത്തി ഇടുക്കി വിജിലൻസ് മുൻ DYSP ആയിരുന്ന K. V ജോസഫ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസിലാണ് പ്രതി ആയ സുധർമ്മ കുറ്റക്കാരിയാണെന്ന് കണ്ടെത്തി വിവിധ വകുപ്പുകളിലായി 3 വർഷം തടവിനും 10,000/- രൂപ പിഴകൊടുക്കുന്നതിനും മൂവാറ്റുപുഴ വിജിലൻസ് കോടതി ഇന്ന് (30/06/2023) ശിക്ഷിച്ചത്. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ രാജ്മോഹൻ. R. പിള്ള ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.